(Pages : 4) **U – 5162**

Reg. No. : .............................

Name : .................................

## Second Semester B.A. Degree Examination, October 2024

## First Degree Programme under CBCSS

## Double Main Programme

## English and Malayalam Literatures

## Core Course III

## EML 1241 : നോവൽ സാഹിത്യം

## (2020 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക :

1. ഒ. ചന്തുമേനോന്റെ അപൂർണ്ണമായ നോവൽ ഏത്?

2. കുന്ദലത എന്ന നോവലിന്റെ കർത്താവാര്?

3. സി.വി. രാമൻപിള്ള രചിച്ച സാമൂഹ്യ നോവൽ ഏത്?

4. സരസ്വതീവിജയം എന്ന നോവൽ രചിച്ചതാര്?

5. ആദ്യത്തെ മലയാള വനിതാ നോവലിസ്റ്റായി കണക്കാക്കുന്നത് ആരെയാണ്?

6. ഇരുനൂറ്റി അൻപതു കൊല്ലത്തെ കേരളത്തിന്റെ സാമൂഹിക വികാസപരിണാമ ചരിത്രം ആവിഷ്ക്കരിക്കുന്ന തകഴിയുടെ നോവൽ ഏത്?

7. കേശവൻ നായരും സാറാമ്മയും കഥാപാത്രങ്ങളായി വരുന്ന ബഷീറിന്റെ നോവൽ ഏത്?

P.T.O.

8. ബോധധാരാ രീതിയിൽ എഴുതിയ എം.ടി. യുടെ നോവൽ ഏതാണ്?

9. മിഥോളജിയും ഇക്കോളജിയും സമന്വയിപ്പിച്ചിരിക്കുന്ന ഒ.വി. വിജയന്റെ നോവലിന്റെ പേരെഴുതുക.

10. സാന്താൾ ജനതയുടെ കഥ പറയുന്ന സാറാ ജോസഫിന്റെ നോവൽ ഏതാണ്?

**(10 × 1 = 10 Marks)**

II. **എട്ടു** ചോദ്യങ്ങൾക്ക് **ഒരു** ഖണ്ഡികയിൽ ഉത്തരമെഴുതുക.

11. കുറിപ്പെഴുതുക - എട്ടുവീട്ടിൽ പിള്ളമാർ.

12. ചുടലമുത്തുവിനെ മറ്റു തോട്ടിമാരിൽ നിന്നും വ്യത്യസ്തമാക്കിയ ഘടകങ്ങൾ എന്തെല്ലാം?

13. ചുടലമുത്ത് തന്റെ സഹപ്രവർത്തകരിൽ നിന്നും അകലാനിടയായ സാഹചര്യം എന്ത്?

14. "വെളിച്ചത്തിന് എന്തൊരു വെളിച്ചം" - നോവലിസ്റ്റ് ഇപ്രകാരം കുറിക്കുന്ന സാഹചര്യം വ്യക്തമാക്കുക.

15. "കനിയരുത്, ശരിക്കു നിവർന്ന്, ധീരതയോടെ നടന്നു പോകൂ" – വക്താവാര്? സന്ദർഭം ഏത്?

16. "അപ്പുണ്ണി സുഖമായിരിക്കട്ടെ. അവൾ വീണ്ടും പ്രാർത്ഥിച്ചു. ഭഗവതീ അവനു വല്ലതു വരുത്തണേ" - ആര്? സന്ദർഭം എഴുതുക.

17. "ഈ നാലുകെട്ടു പൊളിക്കാൻ ഏർപ്പാടു ചെയ്യണം. ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടുമതി" - ആര് ആരോടു പറഞ്ഞു? സന്ദർഭം എന്ത്?

18. കൊച്ചുകുട്ടന്റെ ഭൂതകാലത്തിനു മുന്നിൽ കയറി നിൽക്കുന്ന ഭാവിയുടെ ക്രമം എന്താണ്?

19. കുറിപ്പെഴുതുക - ആധുനികത.

20. കുറിപ്പെഴുതുക - ചരിത്രനോവൽ.

21. കുട്ടിപ്പാപ്പൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

22. ആലാഹയുടെ പെൺമക്കളിലെ സ്ത്രീകഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

**(8 × 2 = 16 Marks)**

III. **ആറ്** ചോദ്യത്തിന് **120** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23. കഥാപാത്ര പരിചയം നടത്തുക - അനന്തപദ്മനാഭൻ.

24. പിതാവ് എന്ന നിലയിൽ തന്റെ എന്തെല്ലാം അവകാശങ്ങളാണ് ചുടലമുത്തു നിഷേധിച്ചത്?

25. ബഷീറിന്റെ രചനാശൈലിയുടെ പ്രത്യേകതകൾ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്ന കൃതിയെ ആസ്പദമാക്കി വിലയിരുത്തുക.

26. പാരമ്പര്യത്തിന്റെയും പ്രൗഢിയുടെയും ഇടയിൽ വളരേണ്ടിയിരുന്ന അപ്പുണ്ണി ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും ഇടയിൽ വളരാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുക.

27. അപ്പുണ്ണിയുടെ മനസ്സിൽ നിന്നും സെയ്താലിക്കുട്ടിയോടുണ്ടായിരുന്ന പക അപ്രത്യക്ഷമാകാനിടയായ കാരണങ്ങൾ എന്തെല്ലാം?

28. ഖസാക്കിന്റെ ഇതിഹാസത്തിലെ ഭാഷയുടെ സവിശേഷതകൾ ചർച്ച ചെയ്യുക.

29. കോക്കാഞ്ചിറ ദേശത്തെ സംബന്ധിച്ച ഉല്പത്തി കഥകൾ വിവരിക്കുക.

30. ജീവിതത്തിന്റെ സംഘർഷങ്ങളെ അതിജീവിക്കുന്ന കരുത്തുറ്റ സ്ത്രീകഥാപാത്രങ്ങളെയാണ് ആലാഹയുടെ പെൺമക്കളിൽ കാണുന്നത്. വിലയിരുത്തുക.

31. പ്രതി പൂവൻ കോഴി എന്ന നോവലിന്റെ ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. **രണ്ട്** ചോദ്യങ്ങൾക്ക് **മൂന്നു** പുറത്തിൽ ഉത്തരമെഴുതുക.

32. ചരിത്രവും ഭാവനയും ഇടകലരുന്ന നോവലെന്ന നിലയിൽ മാർത്താണ്ഡവർമ്മ എന്ന നോവലിനെ വിലയിരുത്തുക.

33. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിലൂടെ ആവിഷ്കൃതമായ ആധുനികതയുടെ ഭാവുകത്വ സവിശേഷതകൾ വിശദമാക്കുക.

34. കഴിഞ്ഞകാലത്തെ പ്രതാപങ്ങൾ ആവർത്തിച്ച് നിലവിലുള്ള കുറവുകൾ മറക്കാനുള്ള മനുഷ്യസഹജമായ പ്രവണത ഹാസ്യരൂപേണ ആവിഷ്കരിച്ചിരിക്കുന്ന നോവൽ എന്ന നിലയിൽ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവലിനെ വിലയിരുത്തുക,

35. പ്രതി പൂവൻ കോഴി എന്ന നോവലിനെ അധികരിച്ച് ഉത്തരാധുനിക നോവലിന്റെ സവിശേഷതകൾ വിവരിക്കുക.

**(2 × 15 = 30 Marks)**